ഉത്തരം

(എ) ഉണ്ട്.

(ബി) 2002 വരെയുള്ള വർഷങ്ങളിലെ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ട്.

(സി) ബാക്കിയുള്ള തുക ഉടനടി കൊടുത്ത് തീർക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നുണ്ട്.

മകരവിളക്കിന് സന്നിധാനത്ത് എത്തുന്നവർക്ക് കുടിവെള്ളം, വാഹന പാർക്കിംഗ് സൗകര്യങ്ങൾ

76 [3802] ശ്രീ. ഡൊമനിക് പ്രസന്റേഷൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ഡി. സതീശൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മകരവിളക്കിന് സന്നിധാനത്ത് എത്ര പേരെത്തിയിരുന്നു;

(ബി) ഇവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ സ്ഥലമെവിടെ ആയിരുന്നു;

(സി) വാഹനം പാർക്ക് ചെയ്തശേഷം നിലയ്ക്കലെത്താൻ എത്ര കിലോ മീറ്റർ നടക്കണമായിരുന്നു;

(ഡി) ഇവരുടെ വാഹനം പമ്പവരെ വരുന്നതിന് തടസ്സം ഏർപ്പെടുത്തിയത് എന്തിനായിരുന്നു;

(ഇ) മകരവിളക്കിന്റെ തലേദിവസവും അന്നും പിറ്റേദിവസവും നിലയ്ക്കൽ മുതൽ സന്നിധാനം വരെ തിങ്ങിക്കൂടിയ ആളുകൾക്ക് കുടിവെള്ളം നൽകാൻ ഏർപ്പാടുണ്ടായിരുന്നോ;

(എഫ്) എങ്കിൽ എത്ര സമയത്തേക്ക് കുടിവെള്ള വിതരണമുണ്ടായിരുന്നു;

(ജി) ഇനിയെങ്കിലും തീർത്ഥാടകർക്ക് മകര വിളക്കിന് തലേന്നും അന്നും പിറ്റേദിവസവും കുടിവെള്ളം കൊടുക്കാൻ ഏർപ്പാടുണ്ടാക്കുമോ;

(എച്ച്) തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവിധത്തിലുള്ള പാർക്കിംഗ് ഏർപ്പാട് അവസാനിപ്പിക്കുമോ?

ഉത്തരം

(എ) ഏകദേശം മൂന്നുകോടി തീർത്ഥാടകർ എത്തിയിരുന്നു എന്ന് കണക്കാക്കുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പാമെയിൻ പാർക്കിംഗ് ഗ്രൗണ്ട്, പമ്പാ ഹിൽടോപ്പ്, ചക്കുപാലം, ത്രിവേണി, ചാലക്കയം, ചിന്നക്കയം, കൂപ്പുറോഡ്, പോപ്പ്സൺ കൂപ്പ്റോഡ്, നിലയ്ക്കൽ, പ്ളാപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലായിരുന്നു പാർക്കിംഗ് ഏർപ്പെടുത്തിയിരുന്നത്.

(സി) വാഹനം പാർക്ക് ചെയ്യുന്ന നിലയ്ക്കലിനും പമ്പക്കും ഇടയിലായി കെ. എസ്. ആർ. ടി. സി. "ചെയിൻസർവ്വീസ്" ഏർപ്പെടുത്തിയിരുന്നു.

(ഡി) ഗതാഗതക്കുരുക്ക് ഒഴിവാക്കാനായിരുന്നു തീർത്ഥാടകരുടെ വലിയ വാഹനങ്ങൾ പമ്പവരെ വരുന്നത് ഒഴിവാക്കിയത്.

(ഇ—ജി) കുടിവെള്ള വിതരണത്തിൽ മുടക്കം വന്നിട്ടില്ല എങ്കിലും നിലവിലുള്ള ക്രമീകരണങ്ങൾ വിപുലപ്പെടുത്തുവാൻ കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) ഗതാഗതക്കുരുക്കുമൂലം തീർത്ഥാടകർക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കാനും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താനുമാണ് പോലീസ് വകുപ്പ് പാർക്കിംഗ് ക്രമീകരിക്കുന്നത്.

വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങ്

77 [3803] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, കെ. എ. ചന്ദ്രൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഓർക്കട്ടേരി ക്ഷേത്രത്തിലെ ഉത്സവ ചടങ്ങിന് ദേവിക്ക് ചാർത്താനുള്ള പുടവ കായക്കൊടി മുസ്ലീം തറവാട്ടിൽനിന്ന് കൊടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കൊടുക്കുന്ന പുടവ മുസ്ലീം വനിതകൾ അണിയുന്ന കാച്ചിയാണോ;

(സി) ഹിന്ദു-മുസ്ലീം സൗഹാർദ്ദത്തിന്റെ മഹത്വം കാണിക്കുന്ന ഈ ഏർപ്പാടിന് പ്രചാരണം കൊടുക്കാനുദ്ദേശമുണ്ടോ;

(ഡി) വടകരയിൽ ഇതൊരു വലിയ ആഘോഷമാക്കുവാൻ വേണ്ട ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) വടകര ഓർക്കട്ടേരി ക്ഷേത്രം എച്ച്.ആർ. ആന്റ് സി. ഇ. വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന ക്ഷേത്രമല്ല; അതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly